## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1981 — 11.02.2020-ൽ മറുപടിക്ക്

### ടോട്ടൽ ഫോർ യു തട്ടിപ്പ് കേസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റോഷി അഗസ്റ്റിൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ടോട്ടൽ ഫോർ യു തട്ടിപ്പ് കേസിൽ കണ്ടുകെട്ടിയ വസ്തുവകകൾ ലേലം ചെയ്ത് നിക്ഷേപകർക്ക് തുക മടക്കി നൽകാനുള്ള നടപടി ക്രമങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ; | (എ) ടോട്ടൽ ഫോർ യു സാമ്പത്തിക തട്ടിപ്പുമായി ബന്ധപ്പെട്ടുള്ള കേസുകളിലെ പ്രതികളുടെ സ്ഥാവരജംഗമ വസ്തുക്കൾ ലേലം ചെയ്യുന്നതിനും മറ്റുമായി ബഹു.കോടതി ഓഫിഷ്യൽ റിസീവറെ നിയമിച്ചിട്ടുള്ളതാണ്. പ്രസ്തുത കേസിലെ പരാതിക്കാരായ നിക്ഷേപകർ തിരുവനന്തപുരം സബ് കോടതി - II ൽ സിവിൽ കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും ആയത് ഇപ്പോൾ കോടതിയിൽ വിചാരണയിലുമാണ്. ബഹു.കോടതിയുടെ വിധി വന്നതിനുശേഷം മാത്രം ഒഫീഷ്യൽ റിസീവർ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് |
| (ബി) പ്രതിയുടെ ബാങ്ക് അക്കൗണ്ടുകൾ കണ്ടുകെട്ടി അതിലെ തുക നിക്ഷേപകർക്ക് മടക്കി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) പ്രസ്തുത കേസുകളുടെ അന്വേഷണവേളയിൽ പ്രതികളുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിച്ചിട്ടുള്ളതും, ഇതുമായി ബന്ധപ്പെട്ടുള്ള കേസുകൾ ബഹു.തിരുവനന്തപുരം അഡീഷണൽ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ വിചാരണാവസ്ഥയിലുമാണ്. കോടതി വിധി വന്നതിനു ശേഷം കോടതി ഉത്തരവിൻ പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ